# അവരുടെ ദൃഷ്ടിയിൽ

ക്രോഡീകരണം പി. അബ്ദുല്ലക്കുട്ടി ak@vazhi.org

ഖുർആൻ യാതൊരു സംശയത്തിനും ഇടനല്കാത്ത മഹത്തായ ഒരു ഗ്രന്ഥമാണ്. സത്യബോധവും ഉദാരമായ വിശ്വാസവും ഖുർആന്റെ മാഹാത്മ്യം എനിക്കു വെളിപ്പെടുത്തിത്തരുന്നു. അതെ, ഒരു ഗ്രന്ഥത്തിന്റെ ആദ്യന്തം കണ്ടെത്താവുന്ന മഹത്ത്വം.
വിവിധങ്ങളായ മേന്മകൾ അതിൽനിന്നു ലഭ്യമായിട്ടുണ്ട്. എന്നല്ല അന്ത്യമായി പറയാനുള്ള ഒരു ഗ്രന്ഥവുമാണിത്.

-കാർലൈൽ

അക്ഷരാഭ്യാസമില്ലാത്ത ഒരു ദൈവദൂതൻ സമ്പൂർണ്ണ നിയമങ്ങൾ സഹിതം ഖുർആൻ ലോക സമക്ഷം സമർപ്പിക്കുകയും ഹൃദയങ്ങളെ അത് വശീകരിക്കുകയും ചെയ്യുന്നുവെന്നത് തികച്ചും അദ്ഭുതാ വഹമാണ്. നിശ്ചയം, ഇത് ദൈവത്തിൽനിന്നും അവതീർണ്ണമായതാണ്.

-ജോർജ് ഹഡ്സൺ

ഖുർആന്റെ ഭാഷ സാഹിത്യപുഷ്ക്കലമാണ്. സവിശേഷമായ ഘടനയും ആവിഷ്കാര ചാതുരതയും അതിനെ എന്നെന്നും അതുല്യവും അനുപവമുമാക്കിത്തീർക്കുന്നു. അതിലെ നിയമങ്ങൾ ബുദ്ധിക്കും പ്രകൃതിക്കും യോജിച്ചതാണ്.

-പോപുലർ എൻസൈക്ളോപിഡിയ

എന്റെ സത്തയുടെ ന്യൂനതയെക്കുറിച്ചുള്ള ചിന്ത സമ്പൂർണ്ണമായ ഒരു സത്തയുടെ അസ്തിത്വത്തെക്കുറിച്ച് എന്നെ ബോധവാനാക്കിത്തീർക്കുന്നു. ആ സമ്പൂർണ സത്തയാണ് അപൂർണതയെക്കുറിച്ചുള്ള ബോധം എന്നിൽ നിക്ഷേപിച്ചത് എന്ന് വിശ്വസിക്കുവാൻ ഞാൻ നിർബന്ധിതനാണ്. അതെ, അതാണ് ദൈവം. അതിനെനിക്ക് വഴികാട്ടിയത് ഖുർആനും.

-ഡെക്കാർട്ട്

ഖുർആന്റെ കർത്താവ് ആർതന്നെയായാലും ശരി, അദ്ദേഹം ഒരു കാലഘട്ടത്തിന്റെ മാത്രമല്ല, നിരവധി കാലഘട്ടങ്ങളുടെ അധ്യാപകനാണ്. ഖുർആൻ പാരായണം ചെയ്താൽ മനസ്സിലാകും, ഇസ്ലാം ലോകത്തിലെ സർവമതങ്ങളിലും വെച്ച് നിസ്തുലമാണെന്ന്. ഇത് മനശാസ്ത്രത്തിന്റെ ആദിഗ്രന്ഥവും ആത്മീയതയുടെ അവസാന ഗ്രന്ഥവുമണെന്ന്.

-ഗോൾഡൻ ചൈൽഡ്

മുഹമ്മദിനാൽ ദാനം ചെയ്യപ്പെടുകയും ഉപയോഗിക്കപ്പെടുകയും ചെയ്ത അതേ മൂലപാഠം തന്നെ നമുക്ക് കൈവരുമാറ് ആന്തരവും ബാഹ്യവുമായ എല്ലാ സുരക്ഷിതത്വവും അതിനുണ്ട്. ലോകത്തിലെ മറ്റെല്ലാ മതങ്ങളിൽനിന്നും വ്യത്യസ്തമായ ഒരു സവിശേഷത ഇസ്ലാമിന് എന്തുകൊണ്ടവകാശപ്പെട്ടുകൂടാ? ഇതരമതങ്ങളൊക്കെ ഗ്രന്ഥങ്ങളുടെ താളുകളിൽ അടഞ്ഞുകിടക്കുമ്പോൾ മുസ്ലിംകൾ അവരുടെ ഖുർആനെ സ്വന്തം ഹൃദയങ്ങളിൽ കാത്തുസൂക്ഷിക്കുന്നു.

-സർ വില്യം മൂർ

ഖുർആൻ വായിച്ചുതുടങ്ങുമ്പോൾ ആദ്യം നീരസം തോന്നും. താമസിയാതെ അത് നമ്മെ ആകർഷിക്കും. അദ്ഭുതപ്പെടുത്തും. ഒടുവിൽ അത് നമ്മുടെ ആദരവ് പിടിച്ചുപറ്റും. ഉള്ളടക്കത്തിന്റെ ഗൗരവമനുസരിച്ച് അതിന്റെ ശൈലി ഗഹനവും ഭീതിജനകവുമാകും. എന്നാൽ അത് ആദ്യന്തം മനോഹരമാണ്. അതിനാൽ ഈ ഗ്രന്ഥം എക്കാലവും സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കും.

-ഗോയ്ഥേ